(ബി) 8-9-1984 ലെ ജി. ഒ. ആർ. ടി. 1069/84/ എൽ, ബി, ആർ പ്രകാരം തൊഴിൽവകുപ്പ് സെക്രട്ടറി യു. മഹാബലറാവുവിനെ ഒരു കമ്മീഷനായി നിയമിച്ചു.

(സി) പ്രസ്തുത കമ്മീഷൻ 8-7-1985-ൽ സർക്കാരിനു റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

(ഡി) പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

(ഇ) ഇല്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല

പായനെയ്ത്ത് തൊഴിലാളികൾ

* 353. [412] ശ്രീ. കെ. ടി. കണാരൻ :
,, കെ. വി. സുരേന്ദ്രനാഥ് :
,, കെ. ആർ. ചന്ദ്രമോഹനൻ :
,, വി. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നമ്മുടെ സംസ്ഥാനത്ത് ഒട്ടാകെ എത്ര പായനെയ്ത്തു തൊഴിലാളികൾ ഉണ്ടെന്നു പറയുവാൻ കഴിയുമോ ;

(ബി) പായനെയ്ത്തു തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പായനെയ്ത്ത് തൊഴിലാളികൾക്കു ക്ഷേമനിധി ഏർപ്പെടുത്തുന്നതിനു വല്ല നിർദ്ദേശവും ഗവൺമെൻറിൻെറ പരിഗണനയിൽ ഉണ്ടോ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) സംസ്ഥാനത്തെ പായനെയ്ത്തു തൊഴിലാളികളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല.

(ബി) നടപടി ഒന്നും സ്വീകരിച്ചിട്ടില്ല.

(സി) ഇപ്പോൾ ഇല്ല.

ഇഷ്ടിക തൊഴിലാളികൾ

* 354 [413] ശ്രീ. എം. കെ. കേശവൻ :
,, കെ. ടി. കണാരൻ :
,, കെ. ആർ. ചന്ദ്രമോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നമ്മുടെ സംസ്ഥാനത്ത് ആകെയുള്ള ഇഷ്ടിക തൊഴിലാളികൾ എത്ര ;

(ബി) ഇഷ്ടിക തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിൻെറ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) 1983-ലെ കണക്കനുസരിച്ച് സംസ്ഥാനത്ത് 4732 ഇഷ്ടിക തൊഴിലാളികൾ ഉണ്ട്. ഇപ്പോഴത്തെ കണക്കു ലഭ്യമല്ല.



LIBRARY ARCHIVES Kerala Legislative Assembly

(ബി,സി) നിർമ്മാണ തൊഴിലാളികൾക്കുവേണ്ടി ഒരു ക്ഷേമനിധി രൂപീകരിക്കുന്ന കാര്യം പരിശോധിച്ച് വരികയാണ്. ഇതിൽ ഇഷ്ടിക തൊഴിലാളികളും പെടും. വിശദാംശങ്ങളും പരിശോധിച്ചു വരുന്നതേയുള്ളു.

കയർത്തൊഴിലാളി ക്ഷേമനിധിയിലേക്കു നീക്കിവെച്ച തുക

* 355. [414] ശ്രീ. കെ. മൂസ്സക്കുട്ടി :
,, വി. കേശവൻ :
,, വി. ജെ. തങ്കപ്പൻ :
,, സി. കെ. തങ്കപ്പൻ :
ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ തൊഴിലാളിക്ഷേമനിധിലേക്കു ഈ വർഷം എത്ര രൂപ നീക്കി വെച്ചിട്ടുണ്ട് ;

(ബി) ഈ ക്ഷേമനിധിയുടെ ആനുകൂല്യം 1983-84 വർഷത്തിൽ എത്ര പേർക്കു നൽകിയിട്ടുണ്ട് ;

(സി) ക്ഷേമനിധിയുടെ ന്യൂനതകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) കയർ തൊഴിലാളി ക്ഷേമനിധിയിലേക്കു 1985-86 സാമ്പത്തിക വർഷത്തിലേക്കു 80,000 രൂപ നീക്കിവെച്ചിട്ടുണ്ട്.

(ബി) ഈ ക്ഷേമപദ്ധതിപ്രകാരം 1983-84 സാമ്പത്തിക വർഷത്തിൽ 111 പേർക്കു ആനുകൂല്യം നൽകിയിട്ടുണ്ട്.

(സി) ന്യൂനതകൾ ശ്രദ്ധയിൽപ്പെടുന്ന അവസരങ്ങളിൽ അവ പരിഹരിക്കാനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.

കളിമൺപാത്ര നിർമ്മാണ തൊഴിലാളികൾ

* 356. [415] ശ്രീ. പി. കുമാരൻ :
,, കെ. പി. പ്രഭാകരൻ :
,, കാനം രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നമ്മുടെ സംസ്ഥാനത്ത് ആകെയുള്ള കളിമൺ പാത്രനിർമ്മാണ തൊഴിലാളികൾ എത്ര ;

(ബി) കളിമൺപാത്ര നിർമ്മാണ തൊഴിലാളികളുടെ ക്ഷേമത്തിനു വേണ്ടി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്തെല്ലാം ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) കളിമൺപാത്ര നിർമ്മാണ തൊഴിലാളികളുടെ കൃത്യമായ എണ്ണം ഇപ്പോൾ ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly